**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3022** **28-02-2023 - ൽ മറുപടിയ്ക്ക്**

**രാമു കാര്യാട്ട് സിനിമ തീയേറ്റർ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ചേറ്റുവയിലെ രാമു കാര്യാട്ട് സിനിമ തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | രാമു കാര്യാട്ടിന്റെ ജന്മനാടായ ചേറ്റുവയിൽ സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഗുരുവായൂർ എം.എൽ.എ, തൃശ്ശൂർ ജില്ലാകളക്ടർ എന്നിവർ വിളിച്ച ചേർത്ത യോഗങ്ങളിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നു.<br><br>തിയേറ്റർ പദ്ധതി നടപ്പിലാക്കുന്നതിനായി ചേറ്റുവ പാലത്തിനടുത്ത് ദേശീയ പാത-66 നോട് ചേർന്ന് കിടക്കുന്ന റവന്യൂ വകുപ്പിന്റെ കീഴിലുള്ള സർവ്വേ നമ്പർ 22/1 ൽപ്പെട്ട ഉദ്ദേശം 2 ഏക്കർ 40 സെന്റ് സ്ഥലത്തിൽ ഒരേക്കർ സ്ഥലം (സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെട്ടതുൾപ്പെടെ ആകെ 2 ഏക്കർ) തിയേറ്റർ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ബഹു: ഗുരുവായൂർ എം.എൽ.എ, ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ജനപ്രതിനിധികൾ, തഹസിൽദാർ, വില്ലേജ് ഓഫീസർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് എഞ്ചിനീയർ തുടങ്ങിയവരുടെ പ്രാഥമിക സംയുക്ത സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ സർവ്വേ നമ്പർ 22/1 ൽപ്പെട്ട 2 ഏക്കർ 40 സെന്റ് സ്ഥലത്തു നിന്നും തിയേറ്റർ നിർമ്മാണത്തിനും പ്രവർത്തനത്തിനും അനുയോജ്യമായ 2 ഏക്കർ സ്ഥലം സർക്കാർ തിയേറ്റർ നിർമ്മിക്കുന്നതിനായി കെ.എസ്.എഫ്.ഡി.സി-ക്ക് കൈമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്ഥലത്തിന്റെ വിശദവിവരങ്ങൾ, ഫോം നമ്പർ 2 എന്നിവ ഉൾപ്പെടുത്തി 03.11.2022-ൽ കെ.എസ്.എഫ്.ഡി.സി തൃശ്ശൂർ ജില്ലാകളക്ടർക്ക് കത്ത് നൽകിയിരുന്നു. 26.11.22-ൽ തൃശ്ശൂർ ജില്ലാ കളക്ടർ വിളിച്ച കൂട്ടിയ മീറ്റിംഗിൽ പ്രസ്തുത സ്ഥലം കെ.എസ്.എഫ്.ഡി.സി-യുടെ പേരിൽ കൈമാറാൻ |

| | | | |
|---|---|---|---|
| | | | കഴിയില്ലെന്നും, നിലവിൽ വിഭാവനം ചെയ്തിട്ടുള്ള രാമു കാര്യാട്ട് സാംസ്കാരിക ക്രേന്ദ്രത്തിന്റെ ഭാഗമായി തിയേറ്റർ നിർമ്മിക്കണമെന്നും ആയതിനുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി ക്ക് പാട്ടത്തിനു നൽകാമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നു. ആയതനുസരിച്ചുള്ള തുടർ നടപടികൾ കെ.എസ്.എഫ്.ഡി.സി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തീയേറ്റർ നിർമ്മാണത്തിനായി ചേറ്റുവയിലെ റവന്യൂഭൂമി ലഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | രാമു കാര്യാട്ടിന്റെ ജന്മനാടായ ചേറ്റുവയിൽ സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഗുരുവായൂർ എം.എൽ.എ, തൃശ്ശൂർ ജില്ലാകളക്ടർ എന്നിവർ വിളിച്ചു ചേർത്ത യോഗങ്ങളിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നു.<br><br>തിയേറ്റർ പദ്ധതി നടപ്പിലാക്കുന്നതിനായി ചേറ്റുവ പാലത്തിനടുത്ത് ദേശീയ പാത-66 നോട് ചേർന്ന് കിടക്കുന്ന റവന്യൂ വകുപ്പിന്റെ കീഴിലുള്ള സർവ്വേ നമ്പർ 22/1 ൽപ്പെട്ട ഉദ്ദേശം 2 ഏക്കർ 40 സെന്റ് സ്ഥലത്തിൽ ഒരേക്കർ സ്ഥലം (സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെട്ടതുൾപ്പെടെ ആകെ 2 ഏക്കർ) തിയേറ്റർ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ബഹു: ഗുരുവായൂർ എം.എൽ.എ, ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ജനപ്രതിനിധികൾ, തഹസിൽദാർ, വില്ലേജ് ഓഫീസർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് എഞ്ചിനീയർ തുടങ്ങിയവരുടെ പ്രാഥമിക സംയുക്ത സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ സർവ്വേ നമ്പർ 22/1 ൽപ്പെട്ട 2 ഏക്കർ 40 സെന്റ് സ്ഥലത്തു നിന്നും തിയേറ്റർ നിർമ്മാണത്തിനും പ്രവർത്തനത്തിനും അനുയോജ്യമായ 2 ഏക്കർ സ്ഥലം സർക്കാർ തിയേറ്റർ നിർമ്മിക്കുന്നതിനായി കെ.എസ്.എഫ്.ഡി.സി-ക്ക് കൈമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്ഥലത്തിന്റെ വിശദവിവരങ്ങൾ, ഫോം നമ്പർ 2 എന്നിവ ഉൾപ്പെടുത്തി 03.11.2022-ൽ കെ.എസ്.എഫ്.ഡി.സി തൃശ്ശൂർ ജില്ലാകളക്ടർക്ക് കത്ത് നൽകിയിരുന്നു. 26.11.22-ൽ തൃശ്ശൂർ ജില്ലാ കളക്ടർ വിളിച്ചു കൂട്ടിയ മീറ്റിംഗിൽ പ്രസ്തുത സ്ഥലം കെ.എസ്.എഫ്.ഡി.സി-യുടെ പേരിൽ കൈമാറാൻ കഴിയില്ലെന്നും, നിലവിൽ വിഭാവനം ചെയ്തിട്ടുള്ള രാമു കാര്യാട്ട് സാംസ്കാരിക ക്രേന്ദ്രത്തിന്റെ ഭാഗമായി തിയേറ്റർ നിർമ്മിക്കണമെന്നും ആയതിനുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി ക്ക് പാട്ടത്തിനു നൽകാമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നു. |

| | | | |
|---|---|---|---|
| | | | ആയതനുസരിച്ചുള്ള തുടർ നടപടികൾ കെ.എസ്.എഫ്.ഡി.സി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ